# ശബരിമല വാർത്താക്കുറിപ്പ്
# 09.01.2025
**മീഡിയ സെന്റർ, ഐ& പി ആർ ഡി, സന്നിധാനം**

## സന്നിധാനത്ത് പോലീസിന്റെ ആറാമത് ബാച്ച് ചുമതലയേറ്റു

ശബരിമലയിൽ പൊലീസിന്റെ ആറാമത് ബാച്ച് വ്യാഴാഴ്ച (ജനുവരി 9) രാവിലെ ചുമതലയേറ്റു. ജനുവരി 20 വരെ സന്നിധാനത്ത് ഡ്യൂട്ടി ചെയ്യുന്ന ഇവർ ഈ ശബരിമല തീർത്ഥാടന സീസണിലെ അവസാന ബാച്ച് ആണ്. 12 ഡി.വൈ.എസ്.പിമാരുടെ കീഴിൽ 36 സി.ഐമാരും 105 എസ്.ഐ, എ. എസ്. ഐ മാരും 1450 സിവിൽ പോലീസ് ഓഫീസർമാരും അടങ്ങുന്നസംഘമാണ് വ്യാഴാഴ്ച ചുമതലയേറ്റത്. ശബരിപീഠം മുതൽ പാണ്ടിത്താവളം വരെയാണ് ഇവരുടെ പ്രവർത്തന മേഖല.

വലിയ നടപ്പന്തലിൽ നടന്ന ചടങ്ങിൽ പുതിയ പോലീസ് ബാച്ചിന് സന്നിധാനം പോലീസ് സ്പെഷൽ ഓഫീസർ എസ്. മധുസൂധനൻ മാർഗനിർദ്ദേശങ്ങൾ നൽകി. മകരവിളക്ക് മഹോത്സവത്തിന്റെ ഭാഗമായ അവസാന ഫേസ് ആണ് ഇനിയുള്ളതെന്നും, വരുന്ന 12 ദിവസം കൂടുതൽ അർപ്പണ മനോഭാവം പുലർത്തണമെന്നും അദ്ദേഹം സേനക്ക് നിർദ്ദേശം നൽകി.

അയ്യപ്പ ഭക്തൻമാർക്ക് സുഗമവും സുരക്ഷിതവുമായ ദർശനം ഒരുക്കണം. പ്രകോപനമില്ലാതെ അയ്യപ്പഭക്തരോട് പെരുമാറാൻ എല്ലാവരും ശ്രദ്ധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പുതിയ ബാച്ചിന്റെ സ്പെഷ്യൽ ഓഫീസർ വി. അജിത്ത് IPS (AIG ക്രമസമാധാനം, തിരുവനന്തപുരം) ജനുവരി 10 ന് വെള്ളിയാഴ്ചയാണ് ചുമതലയേൽക്കുന്നത്. ജോയിന്റ് സ്പെഷ്യൽ ഓഫീസർ കിരൺ പി.ബി. IPS (ASP മട്ടാഞ്ചേരി), അഡീഷണൽ സ്പെഷ്യൽ ഓഫീസർ വേണുഗോപാൽ കെ.വി (ASP കണ്ണൂർ

സിറ്റി) എന്നിവരുടെ നേതൃത്വത്തിലാണ് പോലീസിന്റെ പുതിയ ബാച്ചിനെ വിന്യസിച്ചിരിക്കുന്നത്.

## മകരവിളക്കുത്സവം: വിപുലമായ ഒരുക്കങ്ങളോടെ കെ.എസ്.ആർ.ടി.സി

മകരവിളക്കുത്സവത്തിനായി കെ.എസ്.ആർ.ടി.സി 800 ബസുകൾ ക്രമീകരിച്ചു. ഇവയിൽ 450 ബസുകൾ ചെയിൻ സർവീസിനായും 350 ബസുകൾ ദീർഘദൂര സർവീസിനായും ഉപയോഗിക്കും. ഇവ നിലക്കൽ പമ്പ എന്നീ സ്റ്റേഷനുകളിൽ എത്തുമെന്ന് കെ.എസ്.ആർ.ടി.സി പമ്പ സ്പെഷ്യൽ ഓഫീസർ ഷാജു ലോറൻസ് അറിയിച്ചു.

അയ്യപ്പഭക്തരുടെ വരവ് കൂടുതലാണെങ്കിൽ പത്തനംതിട്ട, എരുമേലി സ്റ്റേഷനുകളിൽ നിന്ന് എത്തിക്കും. മകരവിളക്ക് മഹോത്സവം അവസാനിച്ച് നട അടക്കുന്നത് വരെ അയ്യപ്പന്മാരുടെ വരവനുസരിച്ച് ചെയിൻ സർവീസുകൾ പ്രവർത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു. ജനുവരി 7 വരെ 5150442 യാത്രകളാണ് കെ.എസ്.ആർ.ടി.സി, കെ.യു.ആർ.ടി.സി ബസുകൾ മുഖേന വിവിധ റൂട്ടുകളിൽ നിന്ന് ശബരിമലയിലേക്ക് നടന്നിട്ടുള്ളത്.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് കൂടുതൽ സർവ്വീസുകൾ ദീർഘദൂര സർവീസുകൾ നിലക്കലിൽ നിന്ന് ഓപ്പറേറ്റ് ചെയ്യും. നിലക്കൽ ബേസ് സ്റ്റേഷനിൽ എത്തുന്നവരുടെ ആവശ്യമനുസരിച്ചാകും ഇത്. മകരജ്യോതി ദർശനം നടക്കുന്ന ജനുവരി 14ന് അട്ടത്തോട് എത്തുന്ന അയ്യപ്പഭക്തരെ നിലക്കൽ എത്തിക്കുന്നതിന് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ സൗജന്യ ബസുകൾ ഏർപ്പെടുത്തും.

ജനുവരി 7 വരെ പമ്പ – നിലക്കൽ റൂട്ടിൽ 1,21,109 ചെയിൻ സർവീസുകളും വിവിധ ഡിപ്പോകളിൽ നിന്നായി 14,111 ദീർഘദൂര ട്രിപ്പുകൾ പമ്പയിൽ എത്തുകയും 14,156 ട്രിപ്പുകൾ വിവിധ ഭാഗങ്ങളിലേക്ക് പോകുകയും ചെയ്തതായി അദ്ദേഹം പറഞ്ഞു.

നടതുറന്നശേഷം 4624 ബസ് ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്തിട്ടുണ്ട്. പമ്പ –ചെങ്ങന്നൂർ റൂട്ടിലാണ് ഏറ്റവും കൂടുതൽ ദീർഘദൂര സർവീസുകൾ നടത്തിയത്. ഈ സീസണിൽ വിവിധ ഡിപ്പോകളിൽ നിന്ന് 604 കണ്ടക്ടർമാരും 668 ഡ്രൈവർമാരും പമ്പയിലെത്തി സേവനമനുഷ്ഠിച്ചതായും അദ്ദേഹം വ്യക്തമാക്കി. പമ്പ സ്പെഷ്യൽ ഓഫീസറെ കൂടാതെ അസിസ്റ്റന്റ് സ്പെഷ്യൽ ഓഫീസർ, അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർ, മെക്കാനിക്ക്, ഇൻസ്പെക്ടർ, സ്റ്റേഷൻമാസ്റ്റർ, മിനിസ്റ്റീരിയൽ വിങ്ങ്, ഗാർഡ് എന്നിങ്ങനെ നിരവധി ജീവനക്കാരുടെ സേവനവും ഈ കാലയളവിൽ ഉണ്ടായി.

## ശബരിമലയിൽ സമഗ്രമായ ഇൻഷുറൻസ് പരിരക്ഷ

ശബരിമലയിലെത്തുന്ന ഭക്തജനങ്ങൾക്കും ദേവസ്വം ജീവനക്കാർക്കുമായി സമഗ്ര അപകട ഇൻഷുറൻസ് പരിരക്ഷ ആരംഭിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ് പ്രശാന്ത് അറിയിച്ചു. ഇതിനുപുറമേ, ആയിരത്തിലധികം വരുന്ന വിശുദ്ധിസേനാംഗങ്ങൾക്ക് പ്രത്യേകമായി അപകട സുരക്ഷാ പദ്ധതി സംസ്ഥാന സർക്കാരുമായി ചേർന്ന് തുടക്കമിട്ടിട്ടുണ്ട്.

അഞ്ച് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസാണ് ദേവസ്വം ജീവനക്കാരുടെയും ഭക്തജനങ്ങളുടെയും പദ്ധതിയിലുള്ളത്. കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി എന്നീ നാല് ജില്ലാ പരിധിയിൽ അപകടം സംഭവിച്ചാൽ ഭക്തജനങ്ങൾക്കും ജീവനക്കാർക്കും ഇൻഷുറൻസിന്റെ പ്രയോജനം ലഭിക്കും. വെർച്വൽ ക്യൂ, സ്പോട്ട് ബുക്കിംഗ് വഴി എത്തുന്ന ഭക്തർ ഈ പരിരക്ഷയിൽ വരും. യുണൈറ്റഡ് ജനറൽ ഇൻഷുറൻസ് കമ്പനി വഴിയാണ് നടപ്പാക്കുന്നത്. ഇതിന്റെ പോളിസി തുക പൂർണ്ണമായും ദേവസ്വം ബോർഡ് വഹിക്കുമെന്നും അദ്ദേഹം അറിയിച്ചു.

വിശുദ്ധി സേനാംഗങ്ങൾക്കായി പുതുതായി തൊഴിലിടങ്ങളിലെ അപകട ഇൻഷുറൻസ് പരിരക്ഷാ പദ്ധതി സർക്കാരും ദേവസ്വം

ബോർഡും സംയുക്തമായി നടപ്പാക്കിയിട്ടുണ്ട്. ഇതിന്റെ പ്രയോജനം ആയിരത്തോളം വരുന്ന ശുചീകരണ തൊഴിലാളികൾക്കും താൽപര്യമുള്ള ഡോളി തൊഴിലാളികൾക്കുമാണ് ലഭിക്കുന്നത്. ഇന്ത്യാ പോസ്റ്റൽ പേയ്മെന്റ് ബാങ്ക് മുഖേനയാണ് ഇൻഷുറൻസ് പരിരക്ഷ നൽകുന്നത്.

ഈ പദ്ധതിയിൽ അംഗത്വം നൽകുന്ന നടപടികൾ ആരംഭിച്ചതായി ശബരിമല എ.ഡി.എം അരുൺ എസ്.നായർ പറഞ്ഞു. തൊഴിൽ സംബന്ധമായ അപകടം കാരണം മരണം സംഭവിക്കുകയാണെങ്കിൽ പത്ത് ലക്ഷം രൂപയും പൂർണ്ണമായ വൈകല്യം സംഭവിച്ചാൽ 10 ലക്ഷം രൂപയും ഭാഗികമായി അംഗവൈകല്യം സംഭവിച്ചാൽ അഞ്ച് ലക്ഷം രൂപയും ലഭിക്കും. കുട്ടികൾ വിദ്യാർത്ഥികളാണെങ്കിൽ വിദ്യാഭ്യാസ ആനുകൂല്യവും പദ്ധതിയിലുണ്ട്. 499 രൂപ പ്രീമിയം നിരക്കിൽ ഒരു വർഷത്തേക്കാണ് ഇൻഷുറൻസ് ആരംഭിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മാളികപ്പുറത്ത് മുഴങ്ങുന്നു പറകൊട്ടിപ്പാട്ടിന്റെ താളം

ശബരിമലയിൽ മാളികപ്പുറത്തെ മുറ്റത്ത് അവതരിപ്പിക്കപ്പെടുന്ന പറകൊട്ടിപ്പാട്ട് ഒരു പ്രത്യേക അനുഷ്ഠാന കലയാണ്. അയ്യപ്പ ഭക്തരെ അയ്യപ്പനായും വേലനെ (ഈ കലാരൂപം അവതരിപ്പിക്കുന്ന ആളെ) ശിവനായും സങ്കല്പിച്ചാണ് അനുഷ്ഠാനം ആചരിക്കുന്നത്.

ജ്യോത്സ്യന്മാരുടെ നിർദേശപ്രകാരം പന്തള രാജാവാണ് ഈ അനുഷ്ഠാന കല ഇവിടേക്ക് എത്തിച്ചത് എന്നാണ് വിശ്വാസം. പന്തളത്ത് തമ്പുരാൻ, പെരുനാടൻ മാടമറ്റത്തുകൊണ്ട് താമസിപ്പിച്ച വേലന്മാരുടെ കുലത്തിൽപ്പെട്ടവരാണ് പാട്ടുകാർ. പാട്ടിനു അകമ്പടിയായി പറ എന്ന വാദ്യം ഉപയോഗിക്കുന്നതുകൊണ്ടാണ് ഇതിനെ പറകൊട്ടിപ്പാട്ട് എന്ന് വിളിക്കുന്നത്.

## മകരവിളക്ക് മഹോത്സവം: തിരക്ക് നിയന്ത്രിക്കാൻ കൂടുതൽ ക്രമീകരണങ്ങൾ– എ.ഡി.എം

മകരവിളക്ക് മഹോത്സവ ദിവസങ്ങളിൽ ഭക്തർക്ക് സുഗമമായ ദർശനത്തിനും തിരക്ക് നിയന്ത്രിക്കാനും കൂടുതൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ശബരിമല എ.ഡി.എം അരുൺ എസ്. നായർ അറിയിച്ചു. വ്യാഴാഴ്ച രാവിലെ നടന്ന പത്രസമ്മേളനത്തിൽ ഹൈക്കോടതി നിർദേശത്തിന്റെയും ഹൈലെവൽ മീറ്റിങ്ങുകളിൽ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലുമാണ് ഈ ക്രമീകരണങ്ങൾ നടപ്പാക്കുന്നതെന്ന് അദ്ദേഹം വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

മകരവിളക്കിന് തൊട്ടുമുൻപുള്ളജനുവരി 12,13,14 തീയതികളിൽ വെർച്വൽ ക്യൂ യഥാക്രമം അറുപതിനായിരം, അമ്പതിനായിരം, നാൽപ്പതിനായിരം എന്നിങ്ങനെ നിജപ്പെടുത്തും. ഈ ദിവസങ്ങളിലേക്കുള്ള വെർച്വൽ ക്യൂ ബുക്കിങ്ങ് ഏകദേശം പൂർത്തിയായിക്കഴിഞ്ഞു. ജനുവരി 9 മുതൽ സ്പോട്ട് ബുക്കിംഗ് 5000 ആണ്. 13 വരെ 5000 ആയും 14 ന് 1000 ആയും പരിമിതപ്പെടുത്തിയിട്ടുണ്ട്.

വ്യാഴാഴ്ച (ജനുവരി 9) മുതൽ സ്പോട്ട് ബുക്കിങ് പമ്പയിൽ നിന്ന് നിലക്കലേക്ക് മാറ്റിയിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു. 10 കൗണ്ടറുകൾ നിലക്കലിൽ ആരംഭിക്കുന്നുണ്ട്. വെർച്ച്വൽ ക്യൂ ബുക്കിങ്ങ് ഇല്ലാത്തവർ നിലക്കൽ ഇറങ്ങി സ്പോട്ട് ബുക്കിങ് ചെയ്ത ശേഷം പമ്പയിലേക്ക് വരണം.

പമ്പ ഹിൽ ടോപ്പിലെ വാഹന പാർക്കിംഗിലും മകരവിളക്കുമായി ബന്ധപ്പെട്ട് ക്രമീകരണങ്ങൾ ഉണ്ട്. ജനുവരി 12 ന് രാവിലെ 8 മുതൽ 15 ന് ഉച്ച കഴിഞ്ഞ് 2 മണി വരെ ഹിൽ ടോപ്പിലെ പാർക്കിംഗ് അനുവദിക്കില്ല. അടിയന്തിര പ്രാധാന്യമുള്ള വാഹനങ്ങൾ, മകരവിളക്ക് കഴിഞ്ഞ് ഇറങ്ങുന്ന ഭക്തരെ കൊണ്ടുപോകാനുള്ള കെ.എസ്.ആർ.ടി.സിയും മാത്രമാണ് അനുവദിക്കുക. ഈ ദിവസങ്ങളിൽ ഭക്തരുടെ വാഹനങ്ങൾ ചാലക്കയം, നിലക്കൽ എന്നിവിടങ്ങളിൽ പാർക്കിംഗിന് സൗകര്യം ഒരുക്കും.

എരുമേലി കാനന പാത വഴിയുള്ള തിരക്ക് നിയന്ത്രിക്കാനുള്ള നടപടിയുടെ ഭാഗമായി 11 മുതൽ 14 വരെ ചടങ്ങുകളുടെ ഭാഗമായ അമ്പലപ്പുഴ, ആലങ്ങാട് സംഘാംഗങ്ങൾക്ക് മാത്രമാണ് മുക്കുഴി വഴിയുള്ള കാനനപാത ഉപയോഗപ്പെടുത്താൻ സൗകര്യം ഒരുക്കിയിട്ടുള്ളത്.അതുവഴി വരുന്ന മറ്റ് ബുക്കിംഗുള്ള ഭക്തർ പമ്പയിൽ എത്തി സന്നിധാനത്ത് പ്രവേശിക്കാം.

സന്നിധാനത്തും പരിസരത്തും ഭക്തർ അനധികൃതമായി പാചകം ചെയ്യുന്നത് ഒഴിവാക്കണമെന്നും ഇത് നിയന്ത്രിച്ച് ഉത്തരവിറങ്ങിയതായും അദ്ദേഹം അറിയിച്ചു.
അന്നദാനം സൗജന്യമായി ദേവസ്വം ബോർഡ് നൽകുന്നുണ്ട്. ഹോട്ടലും മറ്റ് സംവിധാനങ്ങളും ഉണ്ട്. അതുകൊണ്ടു തന്നെ ഭക്തർക്ക് ഭക്ഷണത്തിനും കുടിവെള്ളത്തിനും യാതൊരു ബുദ്ധിമുട്ടുമില്ല.

വനപ്രദേശങ്ങളിൽ ഉൾപ്പെടെ പാചകവാതകം പോലെയുള്ള സാമഗ്രികൾ കൊണ്ടുവന്ന് പാചകം പാടില്ല. സുരക്ഷ മുൻനിർത്തി ഇത് അനുവദിക്കില്ല. തീർത്ഥാടകർക്ക് അനുവദനീയമായ  പാതകളിലൂടെയല്ലാതെ ഭക്തർ അനധികൃതമായി വനത്തിനുള്ളിൽ പ്രവേശിക്കുന്നത് അപകടം ക്ഷണിച്ചു വരുത്തുമെന്നും ഇത് കുറ്റകരമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

തിരുവാഭരണ ഘോഷയാത്രയുമായി ബന്ധപ്പെട്ട് മുന്നൊരുക്കങ്ങൾ നടത്തിയിട്ടുണ്ട്. ഘോഷയാത്രയിൽ കൂടുതൽ ആളുകൾ എത്തുന്ന വലിയാനവട്ടത്ത് കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി. കൂടുതൽ ബാരിക്കേഡിംഗ്, ഫയർ ഫോഴ്സിന്റെയും ആരോഗ്യ ടീമിന്റെയും ഓരോ അധിക യൂണിറ്റ് എന്നിവ വിന്യസിക്കും.

മകരവിളക്കുമായി ബന്ധപ്പെട്ട വകുപ്പുകളുടെയും പോലീസിന്റെയും ദേവസ്വം ബോർഡിന്റെയും ഒരുക്കങ്ങൾ പൂർത്തിയായി വരുന്നതായും എ.ഡി.എം അറിയിച്ചു.

## തിരുവാഭരണഘോഷയാത്ര 14ന് സന്നിധാനത്ത് എത്തും

മകരസംക്രമദിനത്തിൽ ശബരിമല അയ്യപ്പസ്വാമിക്ക് ചാർത്താനുള്ള തിരുവാഭരണങ്ങൾ 12 ന് ഉച്ചക്ക് ഒരുമണിക്ക് പന്തളത്ത് നിന്ന് പുറപ്പെട്ട് പരമ്പരാഗത തിരുവാഭരണപാതയിലൂടെ സഞ്ചരിച്ച് 14 ന് ശബരിമല സന്നിധാനത്ത് എത്തിച്ചേരുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. 14 ന് വൈകിട്ട് അഞ്ചിന ശരംകുത്തിയിൽ എത്തിച്ചേരുന്ന തിരുവാഭരണാഘോഷയാത്രയെ ദേവസ്വം പ്രതിനിധികളും സംസ്ഥാനസർക്കാർ പ്രതിനിധികളും ചേർന്ന് ആചാരപരമായി സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കും .വൈകുന്നേരം 06.15 ന് കൊടിമരച്ചുവട്ടിൽ ദേവസ്വം മന്ത്രി ,തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് ,അംഗങ്ങൾ എന്നിവർ ചേർന്ന് ഘോഷയാത്രക്ക് സ്വീകരണം നൽകും .തന്ത്രിയും മേൽശാന്തിയും ചേർന്ന് തിരുവാഭരണം ഏറ്റുവാങ്ങി അയ്യപ്പസ്വാമിക്ക് ചാർത്തി മഹാദീപാരാധന നടത്തും. തുടർന്ന് പൊന്നമ്പലമേട്ടിൽ മകരവിളക്ക് തെളിയും. ഇതേസമയം ആകാശത്ത് മകരജ്യോതി നക്ഷത്രം ദൃശ്യമാകും. ജനുവരി 14 ന് രാവിലെ 08.45 നാണ് മകരസംക്രമപൂജ.

15,16,17,18 തീയതികളിൽ നെയ്യഭിഷേകത്തിന് ശേഷം അയ്യപ്പഭക്തർക്ക് തിരുവാഭരണം ചാർത്തിയ ഭഗവാനെ ദർശിക്കാം. പതിനെട്ടാം തീയതിവരെയാണ് ഭഗവാന് നെയ്യഭിഷേകവും കളഭാഭിഷേകവും നടക്കുന്നത്. മകരവിളക്ക് ദിവസം മുതൽ മണിമണ്ഡപത്തിൽനിന്നും പതിനെട്ടാംപടിയിലേക്കുള്ള എഴുന്നള്ളത്ത് ആരംഭിക്കും. മകരം ഒന്നിന് (ജനുവരി 14) മണിമണ്ഡപത്തിൽ കളമെഴുത്തിന് തുടക്കമാകും. മകരം ഒന്നു മുതൽ അഞ്ചു  വരെ അയ്യപ്പസ്വാമിയുടെ അഞ്ച് ഭാവങ്ങളാണ് കളത്തിൽവരക്കുന്നത്. പന്തളം കൊട്ടാരത്തിൽനിന്നും എത്തിക്കുന്ന പഞ്ചവർണ്ണപ്പൊടി ഉപയോഗിച്ചാണ് കളമെഴുതുന്നത്. 14 മുതൽ 17 വരെ പതിനെട്ടാംപടിവരെയും 18 ന് ശരംകുത്തിയിലേക്കുമാണ് എഴുന്നള്ളത്ത് നടക്കുന്നത്. 19 നാണ് മണിമണ്ഡപത്തിന് മുൻപിൽ ചൈതന്യശുദ്ധിക്കായി നടത്തുന്ന ഗുരുതി.

ജനുവരി 20 ന് ശബരിമല നട അടക്കും.
തിരുവാഭരണഘോഷയാത്രയെ അനുഗമിച്ച് എത്തുന്ന പന്തളരാജ പ്രതിനിധിക്ക് മാത്രമാണ് ജനുവരി 20 ന് ദർശനത്തിന് അവകാശം. ദർശനം പൂർത്തിയാക്കി പന്തളം രാജപ്രതിനിധി പടിയിറങ്ങി ശബരിമല ചെലവുകൾക്കുള്ള പണക്കിഴിയും താക്കോൽക്കൂട്ടവും ശബരിമല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർക്ക് കൈമാറി തിരുവാഭരണത്തിനൊപ്പം പന്തളത്തേക്ക് യാത്ര തിരിക്കുന്നതോടെ മകരവിളക്ക് മഹോത്സവത്തിന് സമാപ്തിയാകും.

ഭക്തിക്കൊപ്പം മതസൗഹാർദ്ദവും ഇഴചേരുന്ന പ്രസിദ്ധമായ എരുമേലി പേട്ടതുള്ളൽ 2025 ജനുവരി 11 ശനിയാഴ്ച നടക്കും. അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങളാണ് എരുമേലി പേട്ടതുള്ളലിന് നേതൃത്വം നൽകുന്നത്. ആകാശത്ത് ശ്രീകൃഷ്ണപരുന്തിന്റെ സാന്നിധ്യം കാണുമ്പോൾ പേട്ട ശാസ്താക്ഷേത്രത്തിൽ നിന്നും പേട്ടതുള്ളൽ ആരംഭിക്കും. ക്ഷേത്രത്തിൽനിന്നും പേട്ടതുള്ളി എരുമേലി വാവര് പള്ളിയിലെത്തുന്ന അമ്പലപ്പുഴ സംഘത്തെ ജമാഅത്ത് കമ്മറ്റി പ്രതിനിധികൾ പുഷ്പങ്ങൾ വിതറിയും ഷാൾ അണിയിച്ചും സ്വീകരിക്കും. മൂന്നു മണിയോടെ ആലങ്ങാട് സംഘത്തിന്റെ പേട്ടതുള്ളൽ പേട്ടശാസ്താക്ഷേത്രത്തിൽ നിന്നും ആരംഭിക്കും. ജനുവരി 13 ന് പമ്പയിൽ എത്തിച്ചേരുന്ന അമ്പലപ്പുഴ, ആലങ്ങാട് സംഘങ്ങൾ ആചാരപരമായി പമ്പാവിളക്ക്, പമ്പാസദ്യ എന്നിവ നടത്തും.

മകരവിളക്ക് മഹോത്സവത്തിനുള്ള ഒരുക്കങ്ങളും ക്രമീകരണങ്ങളും പൂർത്തിയായി വരുന്നായി ദേവസ്വം ബോർഡ് പ്രസിഡൻറ് അറിയിച്ചു. ബോർഡ് അംഗം അഡ്വ .എ. അജികുമാറും വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

## ഹരിവരാസനം പുരസ്കാരം 14ന് കൈതപ്രത്തിന് സമ്മാനിക്കും

മകരസംക്രമ ദിനമായ 2025 ജനുവരി 14 ന് ശബരിമല സന്നിധാനത്തെ ശാസ്താ ഓഡിറ്റോറിയത്തിൽ ഇത്തവണത്തെ ഹരിവരാസനം പുരസ്കാരം സമ്മാനിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത് അറിയിച്ചു. സാഹിത്യകാരനും സംഗീതജ്ഞനും നടനുമായ കൈതപ്രം ദാമോദരൻ നമ്പൂതിരിയാണ് ഇത്തവണത്തെ ഹരിവരാസനം പുരസ്കാരജേതാവ്.

തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ പുരസ്കാരം നൽകും. തമിഴ്നാട് ദേവസ്വം മന്ത്രി ശേഖർ ബാബു മുഖ്യാതിഥി ആയിരിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡണ്ട് പി. എസ് പ്രശാന്ത്, എം.എൽ.എ മാരായ അഡ്വ. പ്രമോദ് നാരായണൻ, അഡ്വ .കെ. യു ജനീഷ്കുമാർ, ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ .എ. അജികുമാർ, ജി .സുന്ദരേശൻ, ദേവസ്വം ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുക്കും.

## പമ്പാസംഗമം 12 ന്

ശബരിമലയുടെ സാംസ്കാരിക പൈതൃകം വിളിച്ചോതുന്ന പമ്പാസംഗമം സാംസ്കാരികോത്സവം 2025 ജനുവരി 12 വൈകുന്നേരം നാലു മണിക്ക് തുറമുഖ സഹകരണ ദേവസ്വം വകുപ്പ് മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്യും. പമ്പാ മണപ്പുറത്ത് നടക്കുന്ന ചടങ്ങിൽ സിനിമാതാരം ജയറാം വിശിഷ്ട അതിഥിയാകും. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ്. പ്രശാന്ത്, എം.എൽ.എ മാരായ അഡ്വ .പ്രമോദ് നാരായണൻ, അഡ്വ. കെ. യു ജനീഷ്കുമാർ, ദേവസ്വം ബോർഡ് അംഗങ്ങൾ എന്നിവർ പങ്കെടുക്കും.

## ശബരിമലയിൽ സുരക്ഷയൊരുക്കാൻ ഇനി കൂടുതൽ ക്യാമറക്കണ്ണുകൾ

* ദേവസ്വം വിജിലൻസ് സെക്യൂരിറ്റി കൺട്രോൾ റൂം ഉദ്ഘാടനം ചെയ്തു

ശബരിമല സന്നിധാനത്ത് സുരക്ഷയൊരുക്കാൻ കൂടുതൽ ക്യാമറകൾ സജ്ജമാക്കി ദേവസ്വം വിജിലൻസ്. ദേവസ്വം വിജിലൻസ് സെക്യൂരിറ്റി കൺട്രോൾ റൂമിന്റെ ഉദ്ഘാടനം തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് പി.എസ് പ്രശാന്ത് നിർവഹിച്ചു. മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള നിരീക്ഷണ സംവിധാനം ശക്തമാക്കാൻ 245 അത്യന്താധുനിക ക്യാമറകളാണ് ദേവസ്വം വിജിലൻസ് സ്ഥാപിച്ചിരിക്കുന്നത്. പോലീസ് ഒരുക്കിയിരിക്കുന്ന സി.സി.ടി.വി ക്യാമറകൾക്കും കൺട്രോൾ റൂമിനും പുറമേയാണ് ഈ സംവിധാനം. ഇതുവഴി ഓരോ മേഖലകളിലേയും ഭക്തരുടെ ക്യൂ, അതതു മേഖലകളിലെ ആവശ്യകതകൾ തുടങ്ങിയവ കൺട്രോൾ റൂമിലിരുന്ന് ദേവസ്വം വിജലിൻസിന് മനസിലാക്കാനും ആവശ്യമായ ഇടപെടലുകൾ നടത്താനും കഴിയും.

മരാമത്ത് കോംപ്ലക്സിലെ കൺട്രോൾ റൂമിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗം അഡ്വ: എ അജികുമാർ, ശബരിമല എഡിഎം ഡോ: അരുൺ എസ്. നായർ, ശബരിമല മേൽശാന്തി അരുൺകുമാർ നമ്പൂതിരി, ശബരിമല സ്പെഷ്യൽ കമ്മീഷണർ ജയകൃഷ്ണൻ, ദേവസ്വം വിജിലൻസ് എസ്.പി സുനിൽകുമാർ, സന്നിധാനം സ്പെഷ്യൽ ഓഫീസർ വി. അജിത്, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ മുരാരി ബാബു തുടങ്ങിയവർ സംബന്ധിച്ചു.

## ശരണഗീത ഭജനകളൊരുക്കി ഹരിഹര ഭക്തസമാജം

അയപ്പന് മുന്നിൽ ശരണഗീതങ്ങൾ ഭജനകളായി അവതരിപ്പിച്ച് തെലങ്കാന സെക്കന്തരാബാദിൽ നിന്നുള്ള ഹരിഹര ഭക്ത സമാജം പ്രവർത്തകർ. വലിയ നടപ്പന്തലിലെ ശാസ്താ ഓഡിറ്റോറിയത്തിലാണ് രാജു ഗുരു സ്വാമിയുടെ നേതൃത്വത്തിലുള്ള ഭജന സംഘം തെലുങ്കിൽ സംഗീതാർച്ചന നടത്തിയത്.

റിഥം പാഡ്, തബല, ഡോലക്, കീബോർഡ് തുടങ്ങിയ വാദ്യോപകരണങ്ങളുമായി 12 അംഗ സംഘമാണ് വ്യാഴാഴ്ചത്തെ സായാഹ്നം ഭക്തർക്കായി സംഗീതസാന്ദ്രമാക്കിയത്.